


# പ്രതിധ്വനി

# താളുകൾ മറിക്കുമ്പോൾ


ആമുഖം......3
രാജലക്ഷ്മിയുടെ കഥകൾ......4
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ......5
പാതിയാകാശത്തിനുടമകൾ......7
ചെന്നായയും കൊക്കും......8
ചരിത്രം......9
മനസ്സിന്റെ സൗന്ദര്യം......16
ബിരിയാണി......19
ACHIEVEMENTS......28

# ആമുഖം

ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



# രാജലക്ഷമിയുടെ കഥകൾ

ഈ പുസ്തകം കണ്ടപ്പോൾ ഞാൻ വിചാരിച്ചത് ഒരു പ്രേത കഥയാണ് എന്നാണ്.പിന്നീട് വായിച്ച തുടങ്ങിയപ്പോഴാണ് എനിക്ക് മനസ്സിലായത്
12 ചെറിയ കഥകളടങ്ങുന്ന ഒരു പുസ്തകമാണെന്ന്.ആദ്യത്തെ കഥ ആത്മഹത്യയാണ് അതിൽ ആത്മഹത്യയെ കുറിച്ച് വിവരിച്ചെഴുതിയിരിക്കുന്നതിങ്ങനെയാണ്"ഭീരുത്വം എന്നു പറഞ്ഞാൽ ഞാൻ സമ്മതിക്കില്ല.ഓടുന്ന തീവണ്ടിയുടെ മുമ്പിൽ തല വെയ്ക്കുന്നത് ഭീരുത്വമാണതെ ഭീരുത്വം.......”ഇങ്ങനെ അതിൽ പറയുന്നു.അതുപോലെയുള്ള കഥകളാണ് "മാപ്പ്""ശാപം""മൂട്ടുവാൻ നാടൻ"എന്നിവയാണ്.അവസാനം അനുബന്ധമായി രണ്ടുമൂന്നു കവിതകൾ നമുക്കുതന്നിട്ടുണ്ട്.അവയാണ് "കുമിള" "നിന്നെ ഞാൻ സ്നേഹിക്കുന്നു" "ചങ്ങലക്കാം പൊട്ടിക്കാൻ ഇനിയും"എന്നിവയാണവ.
എനിക്കു ഈ മൂന്നു കവിതയും വളരെ ഇഷ്ടമായി.

# കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

പച്ച മലയാള പ്രസ്ഥാനത്തിന്റെ വക്താവായിരുന്ന കവി ആയിരുന്ന കേരളവ്യാസൻ എന്നറിയപ്പെടുന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (18 സെപ്റ്റംബർ 1864-22 ജനവരി 1913) കൊടുങ്ങല്ലൂർ കോവിലകത്തിൽ പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. നിമിഷകവി എന്ന പേരിലും അറിയപ്പെടുന്നു. രാമവർമ്മ എന്നായിരുന്നു യഥാർത്ഥ പേര്.

കൊടുങ്ങല്ലൂർ രാജകുടുംബത്തിൽ കൊല്ലവർഷം 1040 കന്നിമാസം നാലാം തിയ്യതി
അശ്വതി നാളിലാണ് (അതായത് 1864 സെപ്റ്റംബർ 18) കുഞ്ഞികുട്ടൻ തമ്പുരാൻ ജനിച്ചത്. പിതാവ് പരമേശ്വര വെണ്മണി അച്ഛൻനമ്പൂതിരിയും മാതാവ് കുഞ്ഞുപ്പിള്ള തമ്പുരാട്ടിയുമായിരുന്നു. വളരെ നാളത്തെ കാത്തിരിപ്പിനു ശേഷം ഇരുപത്തിയൊന്പതാമത്തെ വയസ്സിലാണ് കുഞ്ഞുപിള്ള തമ്പുരാട്ടിക്ക് കുഞ്ഞുണ്ടായത്. അതുകൊണ്ട് വളരെ ലാളനയോടെയാണ് രാമവർമ്മ വളർന്നത്. ലാളന അതികമായതിനാൽ കുഞ്ഞികുട്ടൻ എന്നും കുഞ്ഞൻ എന്നുമുള്ള ചെല്ലപ്പേരുകളിലാണ് അദ്ദേഹം അറിയപ്പെട്ടത്. കുഞ്ഞികുട്ടൻ

തമ്പുരാന്റെ പിതാവിലൂടെ അർദ്ധസഹോദരനായിരുന്ന കദംബൻ എന്ന വെന്മണി മഹൻ നമ്പൂതിരി.

കുഞ്ഞികുട്ടൻ തമ്പുരാന്റെ ബാല്യകാലത്ത് കൊടുങ്ങല്ലൂർ രാജകൊട്ടാരം പാണ്ഡിത്യത്തിന്റെ കലവറയായിരുന്നു. ഉത്തമമായ ഒരു ഗുരുകുലം എന്ന സ്ഥാനമായിരുന്നു കോവിലകം അക്കാലത്ത് പുലർത്തിയിരുന്നത്. കേരളത്തിന്റെ നാനാ ഭാഗത്തുനിന്നും അനേകം വിദ്യാർത്ഥികൾ കാവ്യശാസ്ത്രാതികളിൽ പാണ്ഡിത്യം നേടുന്നതിനു അവിടെ എത്തിച്ചേർന്നിരുന്നു. താൻ പഠിച്ചിരുന്ന കാലത്ത് വിവിധവിഷയങ്ങളിയായി മുന്നൂറോളം വിദ്യാർത്ഥികൾ അവിടെ താമസിച്ചു പഠിച്ചിരുന്നുവെന്ന് ആറ്റൂർ കൃഷ്ണപിഷാരടി "കൊടുങ്ങല്ലൂർ ഗുരുകുലം" എന്ന ഉപന്യാസത്തിൽ പരാമർച്ചിട്ടുണ്ട്

# പാതിയാകാശത്തിനുടമകൾ

ഞാൻ വായിച്ച പുസ്തകത്തിന്റെ പേര് 'പാതിയാകാശത്തിനുടമകൾ'.പാതിയാകാശത്തിനുടമകൾ ഒരു കവിതാപുസ്തകമാണ്.ഈ പുസ്തകത്തിൽ പറയുന്നത് സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന വേദനകളേയും യാദനകളേയും പറ്റിയാണ്.ഈ പുസ്തകത്തിലെ
കവിതകൾ പല ഭാഷകളിൽ നിന്നും പരിഭാഷ ചെയ്തതാണ്. അൻവർ ,ടി.ടി പ്രഭാകരൻ,ശ്രീദേവികെ.എസ്,പി.കെരാജശേഖരൻ,വി.വിനയകുമാർ,ജി.സാജൻ,മുല്ലനേഴി,ആലിസ് എന്നിവരാണ് ഈ കവിതാപുസ്തകത്തിന്റെ പരിഭാഷകർ ,കെ.കെ കൃഷ്ണകുമാറാണ് ഈ പുസ്തകത്തിന്റെ എഡിറ്റർ.

സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന കടുത്തചൂഷണം ,അടിമത്തം എന്നിങ്ങനെയുള്ള ക്രൂരതകളെപ്പറ്റിയാണ് ഈ കവിതയിൽ പറയുന്നത്. ഈ വിഷയത്തെ പ്രസിദ്ധീകരിക്കുന്ന കവിതാപുസ്തകമാണ് 'പാതിയാകാശത്തിനുടമകൾ'.

# ചെന്നായയും കൊക്കും

*ഒരിക്കൽ ഒരു ചെന്നായ ആറ്റിൽ നിന്നും മീൻ പിടിച്ചു തിന്നുന്നതിനിടയിൽ തൊണ്ടയിൽ ഒരു മുള്ള് കുടുങ്ങി.ചെന്നായ വേദന കൊണ്ടു പുളഞ്ഞു.എത്രയെല്ലാം പണിപ്പെട്ടിട്ടും മുള്ള് പോയില്ല .*
*അവസാനം കുരങ്ങച്ചാരുടെ നിർദേശപ്രകാരം കൊറ്റിവൈദ്യനെ ആളയച്ചു വരുത്തി .കൊറ്റിവൈദ്യൻ തൻെറ നീളമേറിയ കൊക്ക് ചെന്നായയുടെ വായിലേക്കിട്ട് മുള്ള്പുറത്തെടുത്തു .ചെന്നായയ്ക്ക് ആശ്വാസമായി .*
*തിരികെപ്പോകാൻ നേരം കൊറ്റിവൈദ്യൻ പ്രതിഫലം ചോദിച്ചു .ചെന്നായ ചിരിച്ചുകൊണ്ടു പറഞ്ഞു:*
*"അല്ലയോ കൊറ്റിവൈദ്യാ നിങ്ങളുടെ ഈ നീണ്ട കഴുത്ത് എൻെറ വായിലേക്ക് കടത്തിയാണ് അങ്ങ് മിള്ള് എടുത്തത് .ഈ സമയം ഞാൻ എൻെറ വായടക്കാതിരുന്നത് തന്നെ വലിയ കാര്യം .ഇതിലും വലിയ എന്തു പ്രതിഫലമാണ് അങ്ങേക്കു ലഭിക്കിവാനുള്ളത് ."*
*മറുത്തൊന്നും പറയാതെ കൊറ്റിവൈദ്യൻ അകലേക്കു പറന്നുപോയി .*
*തൻെറ കഴുത്തിലെ മുള്ളുപ്പോയ ആശ്വാസത്തിൽ ഒരു മൂളിപ്പാട്ടുംപാടി ചെന്നായ വീട്ടിലേക്കുനടന്നു .*

# കൊടുങ്ങല്ലൂർ ചരിത്രം

പഴയകാലത്തെ തുറമുഖമായിരുന്ന മുസിരിസ് കൊടുങ്ങല്ലൂർ എന്ന് ചരിത്രകാരന്മാർ വിശ്വസിച്ചിരുന്നു എന്നാൽ അതിനെ പിന്താങ്ങുന്ന തെളിവുകൾ ലഭിച്ചിരുന്നില്ല. 1945 ലും 1967 ലും നടന്ന ഗവേഷണങ്ങളിൽ നിന്ന് 12 ാം നൂററാണ്ടിലെ തെളിവുകൾ മാത്രമാണ് ലഭിച്ചത്. എന്നാൽ അടുത്തകാലത്ത് വടക്കൻ

തമിഴ് സംഘസാഹിത്യത്തിലെ മുഴിരിയും ജൂതശാസനത്തിലെ മുയിരിക്കോടും കൊടുങ്ങല്ലൂർ തന്നെയെന്ന് സ്ഥാപിക്കപ്പെട്ടിരിക്കു-

. വഞ്ചിയും കരവൂരും കൊടുങ്ങല്ലൂരിൻെറ പര്യായം തന്നെ എന്നും ചരിത്രകാരന്മാർ ഇന്ന് ഏകാഭിപ്രായത്തിൽ എത്തിയിരിക്കുന്നു.

വ്യാപാരരംഗത്തെ കുറിച്ച് പറയുമ്പോൾ ,വളരെ നേർത്ത തുണിത്തരങ്ങളും

കൊടുങ്ങല്ലൂരിൽ നിന്ന് കയറ്റി അയച്ചിരുന്നു. ആദ്യമായി മുസിരിസിനെ കുറിച്ച് പരാമർശം വരുന്നത് ക്രി.വ 45 നോടടുത്ത് ഹിപ്പാലസ് വഴിയാണ്. ക്രി.വ 225 ആവുന്നതോടെ റോമക്കാരുടെ വക അഗസ്റ്റസിൻെറ കേന്ദ്രവും അവർ ഇവിടെ പണിഞ്ഞു എന്ന് ടോളവിയും സൂചിപ്പിക്കുന്നുണ്ട്. ആനക്കൊമ്പ് , പട്ടു തുണികൾ, വെറ്റില, അടക്ക, ആമതോട് എന്നിവയും ഇവിടെ നിന്ന് കയറ്റിയയചിരുന്നു.കൊടുങ്ങല്ലൂരിൽ നിന്നും കോയമ്പത്തൂരിലേക്കും ചേരതലസ്ഥാനമായും കാത്രൂരിലേക്കും വർത്തകശതഗതച്ചാലുതൾ അക്കാലത്തുനിലവിൽ നിന്നിരുന്നു. മുസിരിസ് തുറമുഖം 1341-ൽ പെരിയാറിലുണ്ടായ വെള്ളപൊക്കത്തെ തുടർന്ന് അഴിമുഖത്ത് മണൽ വന്നു നിറഞ്ഞ് ഉപയോഗ ശൂന്യമായി.

അക്കാലത്തെ മറ്റു തുറമുഖങ്ങളാണ് നെൽക്കിണ്ട,(നീണ്ടകര), ബറക്കേ(പുറക്കാട്), ബലൈത(വർക്കലയോ വിഴിഞ്ഞമോ) നൗറ(കണ്ണൂർ), വാകൈ, പന്തർ.

കുലശേഖര ആഴ്വർ തൊട്ട് രാമവർമ്മ കുലശേഖരൻ വരെ 13 കുലശേഖരന്മാരാണ് മൂന്നു നൂറ്റാണ്ടു കാലം ഇവിടം ഭരിച്ചിരുന്നത്. സുന്ദരമൂർത്തി നായന്മാരുടെ കാലത്ത് മഹോദയപുരം ആയിരുന്നു ആസ്ഥാനം. ഇതിനിടക്കുള്ള സ്ഥലമായ തിരുവഞ്ചിക്കുളം ശുകസന്ദേശത്തിൽ പ്രതിപാതിക്കപ്പെടുന്നുണ്ട്. ഇതിനും വടക്കായാണ് തൃക്കാണമതിലകം (ഇന്നത്തെ മതിലകം) സ്ഥിതി ചെയ്യുന്നത്.

പ്രവാചകനായ മുഹമ്മദ് നബിയുടെ കാലത്തിനു മുമ്പേ തന്നെ അറബികൾ കേരളത്തിൽ വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. ഇവരുടെ പ്രധാനകേന്ദ്രം കൊടുങ്ങല്ലൂർ ആയിരുന്നു.
ഒപാരമ്പര്യവും ഉൾകൊള്ളുന്നതായിരുന്നു. അറേബ്യയിൽ നിന്നു വന്ന മാലിക്ക് ഇബ്നു ദീനാർ എന്ന മുസ്ലീം സിദ്ധൻ പെരുമാളിന്റെ സഹായത്തോടെ നിർമ്മിച്ചതാണിത്.

അദ്ദേഹം നിർമ്മിച്ച എന്ന് കരുതുന്ന മറ്റ് എട്ട് പള്ളികൾ കൊല്ലം, കാസർഗോഡ്, ശ്രീകണ്ഠേശ്വരം, വളർപട്ടണം, മടായി, ധർമ്മടം, പന്തലായനിക്കൊല്ലം, ചാലിയം എന്നിവിടങ്ങളിലാണ്.

1498-ൽ കേരളത്തിലെത്തിയ പോർച്ചുഗീസുകാർ 1503-ൽ കൊച്ചി രാജാവിന്റെ സഹായത്തോടെ കോട്ടപ്പുറം, പള്ളിപ്പുറം എന്നിവിടങ്ങളിൽ കോട്ടകൾ പണിതു. ഇതിന് നേതൃത്വം നൽകിയത് വാസ്കോഡഗാമ എന്ന വൈസ്രോയിയാണ്. ഇത് 17-ാം നൂറ്റാണ്ടിൽ ഡച്ചുകാരുടെ കയ്യിലായി. പിന്നീട് 1790-ൽ ടിപ്പു സുൽത്താൻ പിടിച്ചെടുക്കുകയും ചെയ്തു. പന്നീട് സാമൂതിയും ഈ കോട്ട നശിപ്പിച്ചവരുടെ കൂട്ടത്തിൽ പെടുന്നു.

മട്ടാഞ്ചേരിയിലെ പ്രസിദ്ധമായ ജൂതസിനഗോഗ് (1567) നടന്നത് കൊടുങ്ങല്ലൂരിനു തെക്കാണ്. ഇക്കാലത്ത് ഒരു വിഭാഗം കൃസ്ത്യാനികൾ

പോർച്ചുഗീസുകാരുടെ സ്വാധീനത്തിലായിരുന്നു. കേരളത്തിലെ മറ്റൊരു വിഭാഗം ക്രിസ്ത്യാനികളെ കത്തോലിക്ക സഭയിലേക്ക് ചേർക്കാൻ ഈ സുനഹദോസിന് സാധിച്ചു. ടുവിലത്തെ രാജാവായിരുന്ന ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിക്കുകയും ഹജ്ജ്
പോകുകയും ചെയ്തു എന്നും ഐതീഹ്യമുണ്ട്. അക്കാലത്തു നിർമ്മിക്കപ്പെട്ട ചേരമാൻ ജുമാ മസ്ജിദ് എന്ന് അറിയപ്പെടുന്ന ഇന്ത്യയിലെ ആദ്യത്തെ പള്ളി കേരളീയ ശൈലിയും പാരമ്പര്യവും ഉൾക്കൊള്ളുന്നതായിരുന്നു. അറേബ്യയിൽ നിന്നു വന്ന മാലിക്ക് ഇബ്നു ദീനാർ എന്ന മുസ്ലീം സിദ്ധൻ പെരുമാളിൻെറ സഹായത്തോടെ നിർമ്മിച്ചതാണിത്.

അദ്ദേഹം നിർമ്മിച്ചു എന്ന് കരുതുന്ന മറ്റ് എട്ട് പള്ളികൾ കൊല്ലം, കാസർഗോഡ്, ശ്രീകണ്ഠേശ്വരം, വളർപട്ടണം, മടായി, ധർമ്മടം, പന്തലായനിക്കൊല്ലം, ചാലിയം എന്നിവിടങ്ങളിലാണ്.

1498-ൽ കേരളത്തിലെത്തിയ പോർച്ചുഗീസുകാർ 1503-ൽ കൊച്ചി രാജാവിൻെറ സഹായത്തോടെ കോട്ടപ്പുറം, പള്ളിപ്പുറം എന്നിവിടങ്ങളിൽ കോട്ടകൾ പണിതു. ഇതിന് നേതൃത്വം നൽകിയത് വാസ്ക്കോഡഗാമ എന്ന വൈസ്രോയിയാണ്. ഇത് 17-ാം നൂറ്റാണ്ടിൽ ഡച്ചുകാരുടെ കയ്യിലായി. പിന്നീട് 1790-ൽ ടിപ്പു സുൽത്താൻ പിടിച്ചെടുക്കുകയും ചെയ്തു. പന്നീട് സാമൂതിയും മട്ടാഞ്ചേരിയിലെ പ്രസിദ്ധമായ ജൂതസിനഗോഗ് (1567) നടന്നത് കൊടുങ്ങല്ലൂരിനു തെക്കാണ്. ഇക്കാലത്ത് ഒരു വിഭാഗം കൃസ്ത്യാനികൾ പോർച്ചുഗീസുകാരുടെ സ്വാധീനത്തിലായിരുന്നു. കേരളത്തിലെ മറ്റൊരു വിഭാഗം ക്രിസ്ത്യാനികളെ കത്തോലിക്ക സഭയിലേക്ക് ചേർക്കാൻ ഈ സുനഹദോസിന് സാധിച്ചു.ഈ കോട്ട നശിപ്പിച്ചവരുടെ കൂട്ടത്തിൽ പെടുന്നു.

# മനസ്സിന്റെ സൗന്ദര്യം

ജലബിന്ദു കണികയായ് ഇറ്റുവീഴുന്നു
എൻ മനസ്സിനെ കുളിർമ്മയാക്കുന്നു.
ഹേമന്തമിതാ കീഴടങ്ങി
കിളികൾ തൻ ശബ്ദങ്ങളാൽ
ശിശിരത്തെ വരവേൽക്കാനൊരുങ്ങുന്നു.
കിളികൾ കൂടുവിട്ടു കൂടുമാറി
തൻ വർണ്ണ ചിറകുകൾ വിടർത്തി
വാനിൽ പറന്നുനടപ്പൂ,
എന്തൊരുന്മാദം എന്തൊരാനന്ദം
എൻ മനസ്സിനെ തലോടുന്നു.
. . .

സിന്ദൂരത്തിൻ നിറമാർന്ന വാനിൽ
വിതറയെത്തുന്നു സൂര്യോദയം
പുൽക്കൊടിതൻ ഇലകളിലിതാ
മഞ്ഞിൻ കണങ്ങൾ
ജലബിന്ദുവായ് തങ്ങിനിൽക്കെ
എൻ കൺപീലി തുറക്കുന്നു
കുയിൽ തൻ മധുര നാദം
എന്നെ ഉണർത്തി
ശിശിരത്തിൻ തണുപ്പാൽ
വീണ്ടും പുതച്ചു കിടക്കുവാനാശിച്ചു
. . .

മുറ്റത്തെ മരക്കൊമ്പിൽ

ഒരു ചെറിയ പൊത്തിൽ
മുട്ടകൾക്ക് ഇളം ചൂടുനൽകി
അമ്മക്കിളി അടയിരിക്കുമ്പോൾ
മുറ്റത്തെ കൊന്ന പൂത്തു നിൽക്കുന്നതും
കൈതപ്പൂവിൻ സുഗന്ധം-
ആസ്വദിച്ചാകൃഷ്ടനായ്
പാട്ടുപാടിവരുന്ന വണ്ടിൻ മൂളലുകളും
ഞാൻ അറിയാതെ ആസ്വദിച്ചു
നിന്നതും പുഴവക്കത്ത്
പച്ചിലകൾക്കിടയിൽ ചുവപ്പാർന്ന
ചെമ്പരത്തികൾ എന്നെ നോക്കി
പുഞ്ചിരിതുകി കണിക്കൊന്ന പറിച്ചന്നു
ഞാനെൻ മനസ്സിനലങ്കാരമാക്കി

അനുനയന
൯.C

# ബിരിയാണി

*നമ്മൾ ഒരാളോട് നമ്മുടെ വേവലാതിക്കൾ പറയുമ്പോ കേൾക്കുന്നയാൾ അതേന തോതിലെങ്കിലും അങ്ങിനെ ചില വേദയിലൂടെ ചെറുതായിട്ടൊന്ന് കടന്ന് പോയിരിക്കുകയെങ്കിലും വേണം. അല്ലാത്തവരോട് പറയരുത്. പറഞ്ഞാൽ നമ്മൾ സ്വയം ഒരുകുറ്റവാളിയോ കോമാളിയോ ആയിത്തിരും.*

*സന്തോഷ്*

*എച്ചിക്കാനത്തിന്റെ 'ബിരിയാണി'' യിലെ മുഖ്യ കഥാപാത്രമായ ഗോപാലൻ യാദവിന്റെ വാക്കുൾ....... ദീർഗനിസശാസമായ് അന്തരീക്ഷത്തിൽ അലഞ്ഞു*

പോയി...... കാറൂരിന്റെ പൊതിച്ചോറിലെ 'വിശപ്പ്, ബഷീറിന്റെ വിശപ്പും സമൂഹത്തിലെ വിവിധ തലങ്ങൾ വ്യത്യസ്ത ശൈലിയിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ, കേരളത്തിൽ നിന്ന് കൊണ്ട് അയൽസംസ്ഥാന ജീവിത സാഹചര്യങ്ങളെ ബിരിയാണിയെന്ന ചെറുകഥയിലൂടെ സന്തോഷ് എചിക്കാനം വരച്ചിടുന്നു.

ചൂഷണത്തിന്റെ വ്യത്യസ്ത മേഖലകളിലകപ്പെട്ട്, ജീവിതം അരികുവൽക്കറിച്ച്, പട്ടിണിയിൽ മുന്നോട്ട് പോകുമ്പോൾ തന്നെ ആശ്രയിച്ച്കഴിയു ന്നോരുടെ വയറിന്റെ നിലവിളി കേ- ൾക്കാനോ,തെല്ലൊരാ ശ്വാസം നൽകാനോ സാധിക്കാതെ വരുന്ന അയൽ സംസ്ഥാന തൊഴിലാളിയായ ഗോപാൽ യാദവിന് ദീർഘനിശ്വാസമെന്നത് ഒരാശ്വാസം തന്നെ... എന്നാൽസംഘടിച്ച് ശക്തി നേടിയ തൊഴിലാളിയുടെ സാമ്പത്തിക കരുത്തും, സ്വാതന്ത്ര്യവും ഉള്ള മലയാളി,

ഇവിടെയെത്തുന്ന അയൽ സംസ്ഥാന തൊഴിലാളിയുടെ അധ്വാന ശേഷിയും, ക്രയശേഷിയും ചൂഷണം ചെയ്യുന്നതോടൊപ്പം, അവന് നൽകുന്ന കൂലി,പാർപ്പിടം എന്നിവയിൽ കടുത്ത വിവേചനവും പുലർത്തിപ്പോരുന്നു.

ജീവിതത്തിൽ ഒന്ന് പിടിച്ച നിൽക്കാൻ,കേരളത്തിലെ പ്രവാസിയായ ആ ബീഹാറുകാരൻ തന്നോടൊപ്പം,തന്റെ നാടും നാടു നീങ്ങിയോയെന്ന സന്ദേശം പ്രകടിപ്പിക്കുന്നുണ്ട് .ഇവിടെയാണ് ഭൂപരിഷ്കരണത്തിലൂടെ നീ, ദാ, ഇവിടെ എന്ന ഉറപ്പ് കേരളീയന്റെ തിരിച്ചറിയൽ രേഖയായത്.

വിശപ് സഹിക്കാനാവാതെ ഏക മകൾ നഷ്ട്പ്പെട്ട ഒരച്ഛനും കൂടിയാണ് ഗോപാൽ യാദവ്. ആഘോഷങ്ങൾക്കു പിന്നിലെ കച്ചവടതന്ത്രം അതിനെ ആർഭാടമാക്കുമ്പോൾ ബസുമതിയെന്ന തന്റെ മകളുടെ നാമധേയത്തിലുള്ള ഏറ്റവും

മുന്തിയ അറിവെച്ചുണ്ടാക്കിയ ബിരിയാണി കഴിച്ച മൂടേണ്ടി വന്നത് ആ അഛന്റെ നിസ്സഹായവസ്ഥയോ... ഗതികേടോ?

ജീവിതത്തിലെ കട്ടുത്ത നിമിഷങ്ങളെ തരണം ചെയ്യാൻ ദീർമായൊരു നിശ്വാസത്തിന് സാധിക്കുമെന്ന് യാദവ് വീണ്ടും തെളിയിക്കുന്നു.

നിയമ തടസ്സങ്ങൾ ക്കതീതമായി കൽക്കരി വാങ്ങുന്ന മാതംഗിയെ തന്റെ മനസ്സിലൊരിടം നൽകാനും അവർ തയ്യാറാകുന്നതും കഥയിൽ കാണാം . തന്റെ ജീവന്റെ ജീവൻ ഗർഭപാത്രത്തിലിരുന്ന് ബസുമതി അരിയുടെ ചോറ് വേണമെന്നാവശ്യം , പൂർണമായും സാധിച്ചു ക്കൊടുക്കാൻ സാധിക്കാതെ പോയ ഭർത്താവിന്റെ

ദു:ഖവും എന്നാൽ ഭാഗികമായി അത് നിറവേറ്റിയതിനു പിന്നിലെ സന്തോഷവും,പ്രണയവും ഗോപാൽ മറച്ചു വെയ്ക്കുന്നില്ല. പ്രവാസി ജീവിതത്തിന്റെ ഏറ്റവും ഭയനീയമായ മുഖം ബെത്യാമിന്റെ 'ആട് ജീവിത'ത്തിലെ നജീബ് നമ്മുടെ ഹ്രദയത്തിലേൽപ്പിച്ച മുറിവ്, തിരിച്ചറിവ് വലുതായിരുന്നു.എന്നിരുന്നാലും അയൽ സംസ്ഥാന തൊഴിലാളികളോട് നമ്മുടെ മനോഭാവത്തിൽ മാറ്റം വേണമെന്നതിൽ തർക്കമില്ല. അവരെയും മനുഷ്യരായി കാണുവാൻ സർക്കാർ ഒരുക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും വർത്തമാന അനുഭവങ്ങൾ മലയാളിയെ ലജ്ജിപ്പിക്കുന്നതാണ്. ലോകത്തിലുള്ള സമസ്ത ജനങ്ങളേയും മനുഷ്യരായി കാണുവാൻ ഉള്ള വലിയൊരു മനസ്സ് മലയാളിക്ക് കൈമോശം വരാൻ പാടില്ല അങ്ങനെ വന്നാൽ നവോത്ഥാന നായകൻമാർ അവരുടെ ജീവനും ജീവിതവും കൊണ്ട് നിർമിച്ച കേരളം...

കേരളമല്ലാതയാകും...

ലോകത്തിന് മാത്രകയായി തിളങ്ങട്ടെ കേരളം.

എം.മരുകൻ അഭിപ്രായപ്പെട്ടതു പോലെ

മലയാള ചെറുകഥയുടെ ഉത്സവമാണ് ബിരിയാണി...

ഒത്തിരി വിഭവങ്ങൾ നമ്മളെ കാത്തിരിക്കുന്നു.

**കെ .ജെ . ഷീല**

## TEACHERS



## ACHIEVEMENTS









CONGRATS
GOVT. GIRLS HS SCHOOL
KODUNGALLUR
AWARDED
CONGRATULATIONS!
1ST PRIZE


ജി.ജി.എച്ച്.എസ്.എസ്. കൊടുങ്ങല്ലൂർ
ചരിത്ര വിജയം തുടർച്ചയായി 5-ാംമത്തെ വർഷവും
SSLC ക്ക് 100% വിജയം കരസ്ഥമാക്കിയ കേരളത്തിലെ സർക്കാർ സ്കൂൾകളിൽ നമ്മുടെ സ്കൂൾ 4—ാം സ്ഥാനം നേടി ചരിത്ര വിജയം
37 Full A+
326
326
Bhadra Rajesh
Aysha .K.M.
Durga V Nair
Aysha .K.M.
Abhini C.J.
Anamika .T.P
Afrin .K.I
Ashmitha .P.S.
Wafa Asharaf
Aswathy .P.S.
Rinsa E.A.
V.N. Safa
Praveena K.P.
Fathima Ruksana
Nagila .P.N.
Adheena .N.H.
Afsana .P.A.
Neima Sherin
Rishana .M.R.
Akhila .V.S.
Avani .M.A.
Bhaviya .T.D.
Gourikrishna .R.S.
Diya .K.N.
Nikkina .K.A.
Nourin .P.M.
Hasna Kadeeja
Ruksana .P.A.
Shaziya Thasne
Sneha .M.S
Smrithi Mol .P.
Sumayya K Rafiqu
V.S. Safana Thasneem
Hasana Jahan
Jayabala .T.J.
Gouri K Mineesh
Theja Lakshmi P.R.


Top Govt. School Award for SSLC A+
Best School Award by State PTA
Student Police Cadet Unit
Junior Red Cross Unit
Best Teacher Award by District PTA
School Band Team
State Winners: School Kalolsavam
Bharat Scout and Guides Unit


ജൂനിയർ റെഡ് ക്രോസ്
ഗവ: ഗേൾസ് ഹയർസെക്കന്ററി സ്കൂൾ, കൊടുങ്ങല്ലൂർ.
ആരോഗ്യം, സേവനം, സൗഹൃദം



ജി.ജി. എച്ച്.എസ്.എസ് കൊടുങ്ങല്ലൂർ






ലിറ്റിൽ

ജി.ജി. എച്ച്.എസ്.എസ് കൊടുങ്ങല്ലൂർ

# P R O G R A M C O N D U C T E D






ജില്ലാ പി. ടി. എ. തൃശ്ശൂർ
വിദ്യാഭ്യാസ അവാർഡ് മേള
RIJU & PSK CLASSES
2019/7/13 13:50
REDMI NOTE 5 PRO
MI DUAL CAMERA


SHOT ON REDMI NOTE 7
MI DUAL CAMERA

ജി.ജി. എച്ച്.എസ്.എസ് കൊടുങ്ങല്ലൂർ






# LITTLE KITES CLASS CONTUCTED



# PROGRAM CONDUCTED





ജി.ജി. എച്ച്.എസ്.എസ് കൊടുങ്ങല്ലൂർ








## എഡിറ്റോറിയൽ അംഗങ്ങൾ

അരുൺ സാർ

മണി ടീച്ചർ

റസീമ ടീച്ചർ

അഭിനന്ദന

## കൃതജ്ഞത

സമകാലിക ലോകത്തിന്റെ തിരക്കേറിയ തെരുവീഥികൾക്കിടയിലും തങ്ങളുടേതായ കഴിവുകളെ വെളിപ്പെടുത്താനാകാത്ത ഒരു കൂട്ടം കുരുന്നുകളെ വെളിച്ചത്തിലെത്തിക്കാൻ ഞങ്ങളെ സഹായിച്ച ഓരോരുത്തർക്കും അതിനായി അവസരമൊരുക്കിയ ലിറ്റിൽ കൈറ്റ്സിനും നന്ദി.